## 830

*രീതി: രോഗികൾക്കു നല്ല വൈദ്യൻ*

1 ഈശനെയെൻ യേശുനാഥാ! സ്തോത്രമെന്നേക്കും
സർവ്വ ക്ലേശവും ക്രൂശിൽ വഹിച്ച നായകാ! വന്ദേ!

2 വാഞ്ഛിക്കുന്നെന്നന്തരംഗം നിന്നെയെപ്പോഴും ഇപ്ര-
പഞ്ചസന്തോഷങ്ങളിൽ സംതൃപ്തിയില്ല മേ-

3 ഭൂതലത്തിലാശ്രയം നീ മാത്രമെനിക്കു-ദിവ്യ
മോദമുള്ളിൽ തന്നു നിത്യം കാവൽ ചെയ്യുന്നു-

4 രോഗശോകങ്ങൾ സമസ്തം നീക്കിയാരോഗ്യം സ്നേഹ
സാഗരം കനിഞ്ഞെനിക്കു നൽകിടുന്നതാൽ-

5 രാത്രിയെൻ കിടക്കയിൽ ക്രിസ്തേശു നാഥനേ!-നിന്നെ
കീർത്തനങ്ങൾ പാടി വാഴ്ത്തി വന്ദിച്ചിടും ഞാൻ-

6 സർവ്വവും സാമോദമർപ്പിക്കുന്നു ഞാനിപ്പോൾ-എന്റെ
സർവ്വവുമാം വല്ലഭാ! നിൻ സന്നിധാനത്തിൽ-

**E.P.V.**